## സംയോജിത ശിശു സംരക്ഷണ പദ്ധതി
## സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ
**(സാന്നിദ്ധ്യം:- ശ്രീമതി. അനുപമ.റ്റി.വി IAS, ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്)**

വിഷയം:- വനിത ശിശു വികസന വകുപ്പ്-ICPS SARA- സ്നേഹജ്യോതി ശിശുഭവൻ പുല്ലുവഴി, എറണാകുളം 2020-21 സാമ്പത്തിക വർഷത്തെ ആദ്യ ഗഡു ഗ്രാന്റ് തുക അനുവദിച്ച്- ഉത്തരവാകുന്നു.

പരാമർശം:- 1.സ്ഥാപനത്തിന്റെ അപേക്ഷ.

2.10.03.2021 ലെ എറണാകുളം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ DCPO/E/349/21 നമ്പർ അന്വേഷണ റിപ്പോർട്ട്.

3. 28.01.2021 ലെ കേന്ദ്ര സർക്കാർ ഉത്തരവ് നമ്പർ F.No.CW-II 22/30 / 2015- CW-II

## ഉത്തരവ് നമ്പർ- ICPS-SARA/2569/2020 തീയതി 18.03.2021

വനിത ശിശു വികസന മന്ത്രാലയവും, സംസ്ഥാന വനിത ശിശു വികസന വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു സംരക്ഷണ പദ്ധതി, 2020-21 സാമ്പത്തിക വർഷം അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങൾക്ക് അനുവദിച്ചു വരുന്ന ഗ്രാന്റ് ലഭിക്കുന്നതിന് സ്നേഹജ്യോതി ശിശുഭവൻ, പുല്ലുവഴി, എറണാകുളം എന്ന അംഗീകൃത ദത്തെടുക്കൽ സ്ഥാപനം പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് പ്രകാരം സ്ഥാപനത്തിന്റെ പ്രവർത്തനം വിലയിരുത്തി എറണാകുളം ജില്ലാ ശിശു സംരക്ഷണ ഓഫീസർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാർ, എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന സ്നേഹജ്യോതി ശിശുഭവൻ, പുല്ലുവഴി, എറണാകുളം എന്ന സ്ഥാപനത്തിന് പരാമർശം (3) പ്രകാരം ഫണ്ട് അനുവദിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർ 2020 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള 6 മാസക്കാലയളവിൽ സ്ഥാപനത്തിന്റെ പ്രവർത്തനച്ചെലവ് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ശുപാർശ ചെയ്തിരിക്കുന്ന തുകയായ ₹ 595600/- രൂപയിൽ നിന്ന് 10% എൻ.ജി.ഒ വിഹിതമായ ₹ 59560/- രൂപ കുറച്ച് ബാക്കി വരുന്ന തുകയായ ₹ 536040/- രൂപ ആദ്യ ഗഡുവായി അനുവദിക്കാവുന്നതാണ്.

ടി സാഹചര്യത്തിൽ അംഗീകൃത ദത്തെടുക്കൽ സ്ഥാപനമായ സ്നേഹജ്യോതി ശിശുഭവൻ, പുല്ലുവഴി, എറണാകുളം എന്ന സ്ഥാപനത്തിന് 2020-21 സാമ്പത്തിക വർഷത്തെ ആദ്യ ഗഡു ഗ്രാന്റായി ₹ 536040/- രൂപ (അഞ്ചു ലക്ഷത്തി മുപ്പത്തിയാറായിരത്തി നാൽപത് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ ഐസിപിഎസ്- ന്റെ 2235-02-102-61-34 OC SAA Grant-in-aid component എന്ന ശീർഷകത്തിൽ നിന്നും Sister Jisa Paul & Sister Therese, Catholic Syrian bank Pulluvazhy 0350004308881900 03 IFCS Code CSBK0000350 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ഓഫ് ക്രെഡിറ്റ് ചെയ്തു നൽകേണ്ടതാണ്. സ്ഥാപന മേധാവി തുക കൈപ്പറ്റിക്കൊണ്ടുള്ള രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി, സാരാ**

സൂപ്രണ്ട്

സ്നേഹജ്യോതി ശിശുഭവൻ, പുല്ലുവഴി, എറണാകുളം

പകർപ്പ്

1. ജില്ലാ വനിത ശിശു വികസന ഓഫീസർ
2. ജില്ലാ ശിശു സംരക്ഷണ ഓഫീസർ, എറണാകുളം
3. സൂപ്രണ്ട്, എ സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
4. സൂപ്രണ്ട്, ബി സെക്ഷൻ
5. ഐ.സി.പി.എസ്- 4
6. ഓഫീസ് കോപ്പി
7. സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**

OFFICE OF THE INTEGRATED CHILD PROTECTION ... THIRUVANANTHAPURAM - 12 ... WOMEN & CHILD DEVELOPMENT DEPARTMENT